DISPATCHED 08/06/2020

6/05/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.1239(6)/2016**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.8326/എസ്.ഐ.സി–ജി 5/2016)*

**സന്നിഹിതൻ**

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. പി. കൃഷ്ണൻകുട്ടി,
പച്ചിനിയിൽ, ശ്രീകൃഷ്ണപുരം, പാലക്കാട് -679513 — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, പാലക്കാട്
2. അപ്പീൽ അധികാരി & റീജിയണൽ ജോയിന്റ് ഡയറക്ടർ, റീജിയണൽ ഓഫീസ്, ടൂറിസം വകുപ്പ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 17.03.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 06.04.2016 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 12.05.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.06.2016 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03.07.2016 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 08.07.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23.07.2016 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 08.08.2016 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. പി. കൃഷ്ണൻകുട്ടി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി വിവരങ്ങൾ വ്യക്തമായി നൽകിയില്ല എന്നും ടിയാൻ ആവശ്യപ്പെട്ട മരാമത്ത് പണി സംബന്ധിച്ച

കരാർ പകർപ്പ് നൽകിയില്ല എന്നും ആവശ്യമെങ്കിൽ പണമടച്ച് വാങ്ങണമെന്നാണ് അറിയിച്ചതെന്നും എത്ര തുക അടക്കണമെന്ന് അറിയിച്ചില്ല എന്നും അപ്പീൽ അധികാരിയും 24 രൂപ ഫീസ് ഒടുക്കണമെന്ന് പറഞ്ഞതല്ലാതെ ഡി.ടി.പി.സി. ഓഫീസിൽ അടച്ചാൽ മാത്രമേ പകർപ്പ് ലഭ്യമാകൂ എന്നാണ് അറിയിച്ചതെന്നും മേൽ പ്രകാരമുളള തെറ്റായ നടപടികൾ തിരുത്തി ലഭിക്കുന്നതിനു വേണ്ടിയാണ് അപ്പീൽ സമർപ്പിച്ചിരിക്കുന്നതെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ കരാർ പണിക്കായി ഉണ്ടാക്കിയ കരാർ, പണി തീർത്ത് എടുത്ത അളവുകളുടെ രേഖ, നൽകിയ തുകകളുടെ വിവരം, ബില്ലുകളുടെ വിവരം, തുക ചെലവഴിച്ചതു സംബന്ധിച്ച വിവരങ്ങൾ എന്നിവ നൽകണമെന്നും

ii. ടി പാർക്കിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട മുഴുവൻ ചെലവുകളുടേയും വിവരം നൽകണമന്നും

iii. ടി പാർക്കിന്റെ നടത്തിപ്പ് സംബന്ധിച്ച് അംഗീകരിച്ചിട്ടുളളതും നാളിതുവരെ സ്വീകരിച്ചിട്ടുളളതുമായ നടപടികളുടെ വിശദവിവരങ്ങളും നൽകണമെന്നുമാണ്.

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ഒന്നാം ഇനം സംബന്ധിച്ച് അറിയിച്ചത്, കരാർ പകർപ്പ് ഡി.ടി.പി.സി. യുടെ പാലക്കാട് കാര്യാലയത്തിൽ ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണെന്നും കരാറുകാരായ കിറ്റ്കോ ലിമിറ്റഡ്, കൊച്ചി അളവു സംബന്ധിച്ച രേഖ ഡി.ടി.പി.സി. ക്ക് നൽകിയിട്ടില്ല എന്നറിയിക്കുകയും രണ്ടാം ഇനം സംബന്ധിച്ച ചെലവ് വിവരങ്ങൾ നൽകുകയും ചെയ്തു. 3-ാം ഇനം സംബന്ധിച്ച് അറിയിച്ചത്, 28.02.2016 ന് ടൂറിസം വകുപ്പ് മന്ത്രി ടി പാർക്ക് ഔദ്യോഗികമായി ഉദ്ഘാടനം നടത്തിയെന്നും 13.03.2016, 14.03.2016 എന്നീ തീയതികളിൽ സന്ദർശകർക്ക് സൗജന്യമായി പ്രവേശനം അനുവദിക്കുകയും ചെയ്തിരുന്നുവെന്നും സിവിൽ, ഇലക്ട്രിക്കൽ മുതലായ ജോലികൾ പൂർത്തിയാക്കേണ്ടതിനാൽ ടിക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തി 01.04.2016 മുതൽ സന്ദർശകരെ പ്രവേശന ടിക്കറ്റ് ഈടാക്കി പാർക്കിൽ പ്രവേശിച്ചു വരുന്നുവെന്നും പാർക്കിന്റെ ഭാവിയിലെ നടത്തിപ്പ് സംബന്ധിച്ച് ഔദ്യോഗിക തീരുമാനം ആയിട്ടില്ല എന്നും തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം മാറുന്നതുവരെ താത്ക്കാലിക ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ച് പാർക്ക് നടത്തിക്കൊണ്ടു പോകുന്നതാണെന്നും മറ്റുമാണ്.

3. ഹർജിക്കാരൻ, രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട കരാറിന്റെ പകർപ്പിന് ഒടുക്കേണ്ട തുക സംബന്ധിച്ച വിവരം ഒന്നാം എതിർകക്ഷി അറിയിച്ചില്ല എന്നും ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം ആരംഭിച്ച പാർക്കിന്റെ ചെലവ് ബില്ലുകൾ

ലഭ്യമായിട്ടില്ല എന്ന മറുപടി തൃപ്തികരമല്ലെന്നും ഉദ്ഘാടനത്തിന്റെ മൊത്തം ചെലവ് നൽകിയിട്ടില്ല എന്നുമാണ്. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി അറിയിച്ചത്, കരാർ പകർപ്പ് ലഭിക്കുവാൻ 24 രൂപ പാലക്കാട് ഡി.ടി.പി.സി. ഓഫീസിൽ അടക്കണമെന്നു സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും പാർക്കിന്റെ പണി മുഴുവൻ കഴിയാതെയാണ് ഉദ്ഘാടനം നടന്നതെന്നും കരാർ സ്ഥാപനമായ കിറ്റ്കോ എന്ന സർക്കാർ സ്ഥാപനം അന്തിമ ബില്ലുകൾ ഇനിയും നൽകിയിട്ടില്ല എന്നും ഒന്നരക്കോടി രൂപ ടൂറിസം വകുപ്പും 2 കോടി രൂപ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടും ചേർത്ത് ആകെ മൂന്നരക്കോടി രൂപ പാർക്കിന്റെ പണിയുമായി ബന്ധപ്പെട്ടു നൽകിയിട്ടുണ്ടെന്നും ഉദ്ഘാടനത്തിന്റെ ഉത്തരവാദിത്തം ഡി.ടി.പി.സി.ക്ക് ആയിരുന്നുവെങ്കിലും ശ്രീകൃഷ്ണപുരത്തെ പൊതു സമൂഹത്തിന്റെ സഹകരണവും ഉണ്ടായിരുന്നുവെന്നും ചില സന്നദ്ധ സംഘടനകൾ സ്പോൺസർഷിപ്പിലൂടെ ഉദ്ഘാടനം ആഘോഷമാക്കുന്നതിന് പരിപാടികൾ സംഘടിപ്പിച്ചിരുന്നുവെന്നും ഡി.ടി.പി.സി. ചെലവഴിച്ച 2 ലക്ഷം രൂപയുടെ വിവരങ്ങൾ നൽകിയിട്ടുള്ളതാണെന്നും കൂടാതെ നിർമ്മാണ കരാർ ഏറ്റെടുത്ത കിറ്റ്മോ ലിമിറ്റഡ് ഏകദേശം 5 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ആയതിന്റെ വിശദാംശങ്ങൾ ലഭിക്കുന്നതനുസരിച്ച് നൽകുന്നതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ ആദ്യ അപേക്ഷയിൽ വിവരങ്ങൾ നൽകണമെന്നു മാത്രമാണ് അപേക്ഷിച്ചിരുന്നതെന്നും ടി അപേക്ഷയിൽ പകർപ്പുകളുടെ കാര്യം പരാമർശിച്ചിരുന്നില്ല എന്നും ആയതിനാലാണ് പകർപ്പ് ആവശ്യമുണ്ടെങ്കിൽ നൽകാമെന്ന സദുദ്ദേശത്തോടെ ഹർജിക്കാരനെ അറിയിച്ചതെന്നും ഡി.ടി.പി.സി. ഒരു സർക്കാർ ഇതര സ്ഥാപനമായതിനാലാണ് ടി സ്ഥാപനത്തിൽ ഫീസ് ഒടുക്കണമെന്ന് അറിയിച്ചതെന്നും പാർക്കിന്റെ ജോലികളുമായി ബന്ധപ്പെട്ട ബില്ലുകൾ എല്ലാം ലഭ്യമായിട്ടില്ല എന്നും ആയതിനാൽ ലഭ്യമായ വിവരങ്ങളാണ് ഹർജിക്കാരന് നൽകിയതെന്നും ബന്ധപ്പെട്ട ഫയൽ പരിശോധിക്കുന്നതിനുള്ള അവസരം ഹർജിക്കാരന് നൽകുന്നതാണെന്നും മറ്റുമാണ്

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിത പാർക്കിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട കരാർ പണി തീർത്ത് എടുത്ത അളവുകളുടെ രേഖ എന്നിവ ആവശ്യപ്പെട്ടിരുന്നതായി കാണുന്നു. ആയതിനാൽ ടി കരാർ എത്ര പേജുകളിലായി അടങ്ങിയിരിക്കുന്നുവെന്നും ആയതിന് എത്ര തുക എപ്രകാരം ഒടുക്കണമെന്നുമുള്ള വിവരം ഹർജിക്കാരന് ഒന്നാം എതിർകക്ഷി നൽകേണ്ടതായിരുന്നു. ആയത് സമയബന്ധിതമായി ഹർജിക്കാരന് നൽകാത്ത സാഹചര്യത്തിൽ ടി കരാറിന്റെ പകർപ്പ് സൗജന്യമായി ലഭിക്കുവാനുള്ള അർഹത ഹർജിക്കാരനുണ്ടെന്നു കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ടി കരാറിന്റെ പകർപ്പ് ഹർജിക്കാരന് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം സൗജന്യമായി അയച്ചു നൽകണമെന്നു കമ്മീഷൻ നിർദ്ദേശിക്കുന്നു. ഹർജിക്കാരൻ അപേക്ഷ നൽകിയ അവസരത്തിൽ ബന്ധപ്പെട്ട പാർക്കിന്റെ പണി പൂർത്തിയായിരുന്നില്ല എന്നും ഉദ്ഘാടന ചെലവുകൾ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമല്ലെന്നും നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലെന്നും മറ്റുമുള്ള മറുപടി സ്വീകാര്യമല്ലെന്ന ഹർജിക്കാരന്റെ ആക്ഷേപം വിവരാവകാശ നിയമ

RIGHT TO INFORMATION

പ്രകാരം നിലനിൽക്കുന്നതല്ല. വിവരാവകാശ നിയമ പ്രകാരം 'വിവരം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് വിവരാവകാശ അപേക്ഷ ലഭിക്കുന്ന അവസരത്തിൽ ഒരു പൊതു അധികാര സ്ഥാനത്തിന്റെ കൈവശമുള്ള വിവരങ്ങളാണ്. എതിർകക്ഷികൾ ഹർജിക്കാരന് നൽകിയിട്ടുള്ളത് ടി ഓഫീസിൽ ലഭ്യമായ വിവരങ്ങളാണെന്നു കാണുന്നു. സമയബന്ധിതമായി ബന്ധപ്പെട്ട രേഖകൾ എതിർകക്ഷി ഓഫീസിൽ കരാർ പ്രവർത്തി എടുത്തവർ നൽകിയിരുന്നില്ല എങ്കിൽ ആയതു സംബന്ധിച്ച വിഷയം വിവരാവകാശ നിയമ പ്രകാരം പരിശോധിക്കുവാൻ നിർവ്വാഹമില്ല. മേൽ പ്രസ്താവിച്ച പ്രകാരമുള്ള അപാകതകൾ/ക്രമക്കേടുകൾ സംബന്ധിച്ച് ഹർജിക്കാരന് പരാതി ഉണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട മേലധികാരികൾ മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, മെയ് 06-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp